പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2826. 17.06.2019 ൽ മറുപടിയ്ക്ക്

## സ്കൂൾ,കോളേജ് തല മയക്കമരുന്ന് വ്യാപനം തടയുന്നതിന് രഹസ്യ സ്ക്വാഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) |
| സ്കൂൾ, കോളേജ് തലത്തിലുള്ള മയക്കമരുന്ന് വ്യാപനം തടയുന്നതിനായി തദ്ദേശാടിസ്ഥാനത്തിൽ രഹസ്യ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന വ്യാപനം തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിച്ച വരുന്നുണ്ട്. ടി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടേയും, പി.റ്റി.എ.യുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ